B.A.M.U.P.S PERUMBRAKAD

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

# B.A.M UP School Perumprakad

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ആമുഖം

### സ്കൂൾ ചരിത്രം പരിചയപ്പെടുത്തൽ

തെള്ളിയൂർ ശാലേം മാർത്തോമ്മാ പള്ളി വകയായി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 123 കന്നി മാസത്തിൽ പെരുമ്പ്രാക്കാട് എം. റ്റി. എൽ. പി സ്കൂളിൽ വച്ച് ഒരു പബ്ലിക് മീറ്റിംഗ് നടന്നു. ഇടവക വികാരിയുടെ അധ്യക്ഷതയിൽ കൂടി, 5 പേരടങ്ങിയ കമ്മറ്റിയെ ടി. സ്കൂളിന്റെ പ്രവർത്തനത്തിനായ് ചുമതലപ്പെടുത്തി. ടി. കമ്മറ്റിയുടെ ചുമതലയിൽ ഒരേക്കർ സ്ഥലം സ്കൂളിനു വേണ്ടി സമ്പാദിച്ചു.

## സാമൂഹിക പങ്കാളിത്തം

- സ്കൂൾ LAC
- സ്കൂൾ P.T.A
- പഞ്ചായത്ത് MLA, MP എന്നി സഹായങ്ങൾ
- പ്രാദേശിക സ്ഥാപനങ്ങളുടെ സഹായം
- പൂർവ്വ വിദ്യാർത്ഥികളുടെ സഹായം
- പൂർവ്വ അധ്യാപകരുടെ സഹായം

## വിദ്യാലയ വികസന കാഴ്ചപ്പാട്

- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- കുടിവെള്ള സൗകര്യം ഫലപ്രദമാക്കുക
- കൃഷി മെച്ചപ്പെടുത്തുക
- പ്രവൃത്തി പരിചയ ഇനങ്ങളിൽ ക്ലാസ് എടുത്ത് കുട്ടികൾക്ക് പരിശീലനം നൽകുക.
- കല - കായിക പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകുക.
- നല്ല പാഠത്തിന്റെ ഭാഗമായി സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

# സാന്ത്വനം പദ്ധതി

രോഗികളായവരും സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവർക്കും "കൈത്താങ്ങ്" എന്ന പദ്ധതി സ്കൂളിൽ നടപ്പാക്കിയിട്ടുണ്ട്.

സാമൂഹിക പ്രതിബദ്ധത ഉളവാക്കുവാൻ കുട്ടികളുടെയും രക്ഷ-കർത്താക്കളുടെയും സഹകരണത്തോടെ സ്കൂളിലെ നിർമ്മാണ പ്രവർത്തനത്തിൽ നിന്നും ലഭിക്കുന്ന സാമ്പത്തികം ഉപയോഗിച്ച് സാന്ത്വനം പരിപാടി നടത്തുന്നു. പി.ടി.എ മീറ്റിംഗിൽ ഏറ്റവും അവശത അനുഭവിക്കുന്നവരെ കണ്ടെത്തുകയും അവർക്ക് സാന്ത്വനം ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു.

ഇടവക കമ്മറ്റിയുടെ ചുമതലയിൽ ഈ സ്ഥലത്ത് സ്കൂളിന്റെ കെട്ടിടം പണി പൂർത്തിയായി. 1948-ൽ ബിഷപ്പ് മുറേയിൽ മെമ്മോറിയൽ മിഡിൽ സ്കൂൾ എന്ന പേരിൽ സ്കൂൾ ആരംഭിച്ചു. 1958 വരെ ഇടവക കമ്മിറ്റി സ്കൂളിന്റെ ഭരണം നടത്തി വന്നു. 1958-ൽ ഇടവക യോഗത്തിലെ തീരുമാന പ്രകാരം മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന് സ്കൂൾ വിട്ടു കൊടുക്കുക ഉണ്ടായി.

സ്കൂൾ ആരംഭം മുതൽ ശ്രീ. വി.കെ സഖറിയ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. 1983 - 1986 വരെ ശ്രീ കെ.ജെ മാത്യു സേവനമനുഷ്ഠിച്ചു. Rev ജേക്കബ് ജോൺ ലോക്കൽ മാനേജരായും

പി.റ്റി.എ പ്രസിഡന്റായും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു.

1985 ഏപ്രിൽ മാസത്തിൽ Smt M.A അക്കമ്മ സ്കൂളിൽ നിന്നും പെൻഷൻ പറ്റി

പിരിഞ്ഞ ഒഴിവിൽ ശ്രീ തോമസ് വി എബ്രഹാമിനെ നിയമിച്ചു. 1986-ൽ വിരമിച്ച ശ്രീ K.J മാത്യുവിന് പകരം കോട്ടയം മാർത്തോമ്മ സെമിനാരി ഹൈസ്കൂളിൽ നിന്നും ശ്രീ സി.എ തോമസിനെ ഹെഡ്-മാസ്റ്ററായി നിയമിച്ചു. 1988-ൽ ശ്രീ. കെ.ജെ. സാമുവൽ ഹെഡ്മാസ്റ്ററായി നിയമിതനായി. 1990-ൽ കെ.ജെ സാമുവൽ പുല്ലമ്പള്ളി എം.റ്റി.എൽ.പി എസ്സിലേക്ക് സ്ഥലം മാറി പോയ ഒഴിവിൽ ശ്രീ എം. ജി തോമസിനെ ഹെഡ്മാസ്റ്ററായി നിയമിച്ചു. 1993-ൽ ശ്രീ M.G തോമസ് SCS എൽ.പി എസിലേക്ക് സ്ഥലം മാറിപ്പോയ ഒഴിവിൽ ശ്രീ ഷാജൻ മാത്യു നിയമിതനായി.

2015 മാർച്ചിൽ ശ്രീ ഷാജൻ മാത്യു വിരമിച്ച ഒഴിവിലേക്ക് ശ്രീമതി എലിയാമ്മ സഖറിയ നിയമിതയായി 2023 മാർച്ചിൽ ശ്രീമതി എലിയാമ്മ സഖറിയ വിരമിച്ചു. ഇതിന്റെ ഒഴിവിലേക്ക് ശ്രീമതി സെറീന എബ്രഹാമിനെ നിയമിച്ചു. 2025 മാർച്ചിൽ ശ്രീമതി സെറീന എബ്രഹാം

വിരമിച്ച ഒഴിവിലേക്ക് ശ്രീമതി ക്രിസ്റ്റീന തോമസിനെ നിയമിച്ചു. ഇപ്പോൾ ശ്രീമതി ക്രിസ്റ്റീന തോമസ് ഹെഡ്മിസ്ട്രസ്സായി പ്രവർത്തിക്കുന്നു.

STD V മുതൽ VII വരെ ക്ലാസുകളാണ് ഇപ്പോൾ നിലവിലുള്ളത്.

## മികച്ച നിലവാരം പുലർത്തിയ പൂർവ്വവിദ്യാർത്ഥികൾ

1. Dr. ഉഷ (കോട്ടയം മെഡി. കോളേജ്)
2. Dr. M.A കുട്ടപ്പൻ (മുൻമന്ത്രി)
3. റിട്ട. ജസ്റ്റിസ് തങ്കപ്പൻ, മണ്ണൊട്ട്
4. Dr. M.A തോമസ്

വിവിധ സഭകളിൽ സേവനമനുഷ്ഠിക്കുന്നതും അനുഷ്ഠിച്ചതുമായ വൈദിക ശ്രേഷ്ഠർ.

Dr. മോഹൻ വി സാം

Rev ഉമ്മൻ കെ ജേക്കബ്

Rev. സാൽജോ പി വർഗീസ്

Rev. മാത്യു ചാക്കോ

Rev. ജിനു. സി. ഈപ്പൻ

Rev. സാം. മാത്യു

Rev. ജോർജ്ജ് വർഗീസ്

Rev. M.K Jacob. Maruthoor

Rev പിജു റ്റി വർഗീസ്. തയ്യിൽ

Rev. തോമസ് പി ചാണ്ടി. പുളിമൂട്ടിൽ

Rev. കെ. കെ തോമസ്. കുന്നുംപുറത്ത്

# ഞങ്ങളുടെ കാഴ്ചപ്പാട്

സ്കൂൾ പ്രവർത്തനങ്ങൾ മികച്ചതാക്കുന്നതിലൂടെ കുട്ടികളുടെ ചിന്താശേഷിയേയും സ്വഭാവ രൂപീകരണത്തേയും ഉന്നത നിലവാരത്തിൽ എത്തിക്കുന്നു. വിദ്യാഭ്യാസം എന്നത് കേവലം പുസ്തകത്തിൽ മാത്രം ഒതുങ്ങാത്ത മണ്ണിനേയും ചുറ്റുപാടിനേയും അറിയുന്നവരായി തീരുവാൻ അവരെ പ്രാപ്തരാക്കുക എല്ലാ വിഷയങ്ങളിലും നല്ല നിലവാരം കാഴ്ച വയ്ക്കത്തക്കവണ്ണം കുട്ടികളെ പ്രാപ്തരാക്കുക. സമൂഹത്തിൽ നല്ലൊരു പൗരനാകുവാൻ വേണ്ട ഗുണങ്ങളെക്കുറിച്ച് മനസ്സിലാക്കി അവരെ സമൂഹത്തിന് വേണ്ടപ്പെട്ടവരായി തീർക്കുക. തുടർന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ഉന്നത നിലവാരം നിലനിർത്താൻ കുട്ടിയെ പ്രാപ്തരാക്കുന്നു. മനുഷ്യത്വം നഷ്ടപ്പെടാത്തവരായി സ്നേഹവും സാന്ത്വനവും ഉള്ളവരായി സമൂഹത്തിൽ ജീവിക്കുവാനുള്ള ശേഷി നേടുക.

# അക്കാദമിക് നേട്ടങ്ങൾ

- പ്രവൃത്തി പരിചയമേളയിൽ Book binding, Product using Card & straw board, Metal Engraving, Coconut shell product, Beads work എന്നിവയ്ക്ക് A grade.
- ഗണിതമേളയിൽ Geometrical Chart A grade ഗണിത പസിലിൽ B grade.
- സാമൂഹ്യശാസ്ത്രമേളയിൽ Still Model B grade
- IT മേളയിൽ മലയാളം typing 2nd A grade
- വിദ്യാരംഗം ഉപജില്ലാതല സർഗ്ഗോത്സവം കഥാരചനയിൽ first prize.
- പച്ചക്കറിത്തോട്ടം
- സ്കൂൾ പാർലമെന്റ്
- സ്വയം തൊഴിൽ പരിശീലനം.

# ബോധവത്കരണ ക്ലാസ്

| Date | വിഷയം/ പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 2/6/25 | പ്രവേശനോത്സവം | ഉദ്ഘാടനം, | |
| 3/6/25 | ലഹരിക്കെതിരെ | വീഡിയോ പ്രദർശനം, പ്രതിജ്ഞ പോസ്റ്റർ രചന, Mime | Rincy Varghese |
| 4/6/25 | ട്രാഫിക് നിയമങ്ങൾ | Mock drill, മുദ്രാവാക്യം തയ്യാറാക്കൽ പത്രവാർത്താ നിരീക്ഷണം, വീഡിയോ | Liji Elsa Saji |
| 5/6/25 | ശുചിത്വം | സ്കൂൾ- പരിസര ശുചീകരണം, പൂന്തോട്ട നിർമ്മാണം, ഉപന്യാസ രചന | Christina Thomas |
| 9/6/25 | പൊതു ആരോഗ്യം | ചർച്ച, പോസ്റ്റർ രചന, വീഡിയോ പ്രദർശനം, Zumba dance, | Liji Elso Saji |
| 10/6/25 | ഡിജിറ്റൽ അച്ചടക്കം | സംവാദം, ചിത്ര രചന, PPT പ്രദർശനം | Rincy Varghese |
| 11/6/25 | പൊതുമുതൽ സംരക്ഷണം | വീഡിയോ പ്രദർശനം, പോസ്റ്റർ രചന പ്ലക്കാർഡ് നിർമ്മാണം | Christina Thomas |

| Date | വിഷയം/പ്രാധാന്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 12/6/25 | പരസ്പര സഹകരണം | അനുഭവം പങ്കുവയ്ക്കൽ, സംവാദം, Role-play, വീഡിയോ പ്രദർശനം | Liji Elsa Saji |
| 13/6/25 | പൊതുക്രോഡീകരണം | ചർച്ച, ലഘു ഉപന്യാസ രചന, പോസ്റ്റർ രചന, ചിത്ര രചന | Rincy Varghese |

# അക്കാദമിക് പ്രവർത്തനങ്ങൾ 2025-26

അക്കാദമിക് നിലവാരം ഉയർത്താനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

## മാതൃഭാഷ

- വായനാശീലം വർദ്ധിപ്പിക്കുന്നതിനും ആസ്വാദനശേഷി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ക്ലാസ് റൂം ലൈബ്രറി ക്രമീകരിച്ച് വായനയ്ക്കുള്ള അവസരങ്ങൾ നൽകുക.
- വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നു. സാഹിത്യവേദിയിൽ കുട്ടികളുടെ കൂടുതൽ പ്രകടനങ്ങൾ/മികവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.
- വായനാശീലം മെച്ചപ്പെടുത്തുന്നതിനായി വിദ്യാരംഗം ക്ലബിന്റെ നേതൃത്വത്തിൽ സമീപത്തുള്ള വായനശാല സന്ദർശനം ക്രമീകരിക്കുന്നു.
- ICT സാധ്യത ഉപയോഗപ്പെടുത്തുന്നു.

# മലയാളം

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല/സാമ്പത്തിക/മോണിറ്ററിംഗ് |
|---|---|---|---|---|
| 1) | എല്ലാ കുട്ടികളും സ്വതന്ത്ര വായനക്കാരാകുക | • ക്ലാസ് ലൈബ്രറി ചിട്ടപ്പെടുത്താൻ<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• റീഡിംഗ് കോർണർ സജ്ജമാക്കൽ<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | 6 മാസം – 1 വർഷം | മലയാളം ടീച്ചർ<br>വിദ്യാരംഗം ചാർജ്ജ് ടീച്ചർ |
| 2) | പത്രവായന പരിപോഷിപ്പിക്കുക | • പത്രം ലഭ്യമാക്കൽ<br>• പത്രവാർത്ത അവതരണം<br>• ആഴ്ചയിൽ പത്ര ക്വിസ് | ദിവസേന | മലയാളം ടീച്ചർ/ സ്പോൺസർ |
| 3) | എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | 3 മാസം – 1 വർഷം | മലയാളം ടീച്ചർ |

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 4) | മലയാളം കൈയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപന്നങ്ങൾ ചേർത്ത് മികച്ച കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്യുന്നു. | 1 വർഷം. | മലയാളം ക്ലബ് H.M |
| 5) | നിരന്തര മൂല്യ-നിർണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | പഠന പുരോഗതിക്ക് വേണ്ടി കൂടുതൽ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ 2025 മുതൽ | മലയാളം അദ്ധ്യാപിക |

# ഇംഗ്ലീഷ്

- ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുക.
- തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ സൗകര്യമാക്കാൻ E-cube, Kahoot മുതലായ പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനായി കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് മാസിക നിർമ്മിക്കുക.
- പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി ഇംഗ്ലീഷ് തിയേറ്റർ.
- വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- ക്ലാസ് ലൈബ്രറിയിൽ കൂടുതൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുത്തുന്നു.
- ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുക.
- ഭാവാത്മക വായന പരിശീലിപ്പിക്കുക.

# English

| | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1) | ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും ആസ്വദിക്കാനും സംസാരിക്കുവാനും അവസരം ഒരുക്കൽ | • ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യുന്നു.<br>• ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി (News, thought, quiz)<br>• ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം, തുടങ്ങിയവ സംഘടിപ്പിക്കൽ<br>• ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ടീച്ചർ |
| 2) | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കൽ | സൂചന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലും പ്രദർശിപ്പിക്കൽ | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| | കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കൽ | എല്ലാ ഇംഗ്ലീഷ് പിരീഡും. | ഇംഗ്ലീഷ് അധ്യാപകൻ |
| 3) E-cube, kahoot ആപ്ലിക്കേഷൻസ് ഉപയോഗം. | ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ രസകരമാക്കാൻ ICT സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക | ആഴ്ച തോറും. | ഇംഗ്ലീഷ് അധ്യാപിക, IT അധ്യാപിക |
| 4) ഇംഗ്ലീഷ് മാഗസിൻ | ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനായി കുട്ടികളുടെ രചനകൾ ചേർത്ത് കൈയ്യെഴുത്ത് മാസിക തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | മാർച്ച് 2026 | ഇംഗ്ലീഷ് അധ്യാപിക |
| 5) ഇംഗ്ലീഷ് തിയേറ്റർ | പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം (സ്കിറ്റ്, നാടകം, conversation). ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുവാൻ കഥപറയൽ, Role play നടത്തുന്നു | ആഴ്ച തോറും | ഇംഗ്ലീഷ് അധ്യാപിക |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| 6) ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ | വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക വായനാ പരിശീലനം. | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപിക |
| | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ കൂടുതലായി ഉൾപ്പെടുത്തുക. | | SRG |
| | ഭാവാത്മക വായന പരിശീലിപ്പിക്കുവാനായി ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി-ക്കൊണ്ട് Reader of Month-നെ ആദരിക്കുക | മാസം തോറും | ഇംഗ്ലീഷ് അധ്യാപിക |

# ഹിന്ദി

- എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി-കൊണ്ട് ഹിന്ദി അസംബ്ലി
- വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.
- എല്ലാ ദിവസവും ഒരു പുതിയ വാക്ക് പരിചയപ്പെടുക.
- ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ കൈയ്യെഴുത്ത് മാസിക.
- ക്ലാസ്മുറിയിൽ ഹിന്ദി സംസാരിക്കാൻ അവസരം നൽകുക.
- ഹിന്ദി നാടകം, സ്കിറ്റ് തുടങ്ങി വിവിധയിനം രൂപങ്ങളിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുക.
- ഹിന്ദി പഠനം ലളിതവും രസകരവുമാക്കാൻ ഹിന്ദി ഫിലിം കാണാൻ അവസരം ഒരുക്കുക.

# ഹിന്ദി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഹിന്ദി അസംബ്ലി | എല്ലാ വെള്ളിയാഴ്ചയും ഹിന്ദി അസംബ്ലി കൂടുക. (പത്രവായന, ചിന്താവിഷയം, ക്വിസ്, pledge, Prayer എന്നിവ ഹിന്ദിയിൽ) | ജൂൺ 2025 മുതൽ | കുട്ടികൾ |
| ഹിന്ദി പ്രശ്നോത്തരി | എല്ലാ വെള്ളിയാഴ്ചയും ഹിന്ദി ക്വിസ് നടത്തുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി ക്ലബ് |
| നയെ ശബ്ദ് | എല്ലാ ദിവസവും പുതിയ വാക്ക് പരിചയപ്പെടുക. | ദിവസേന | അസംബ്ലി ലീഡ് ചെയ്യുന്ന വിദ്യാർത്ഥികൾ |
| ഹിന്ദി ഫിലിം ക്ലബ് | ഹിന്ദി ഫിലിം ക്ലബ് രൂപീകരിക്കുന്നു. ഓരോ മാസവും കുട്ടികളുമായി ബന്ധപ്പെട്ട ഒരോ ഫിലിം കാണാൻ കുട്ടികൾക്ക് അവസരം. | ജൂൺ 2025 മുതൽ | ഹിന്ദി ടീച്ചർ H.M / ക്ലബ് ഭാരവാഹി |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| • ICT ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | പാഠഭാഗങ്ങൾ ICT സഹായത്തോടെ ആകർഷകമാക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപിക |
| • ഹിന്ദി കൈയെഴുത്ത് മാസിക | ജൂൺ മാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ രചനകൾ ഉപയോഗിച്ച് മാർച്ചിൽ കൈയെഴുത്ത് മാസിക പ്രകാശനം ചെയ്യുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപിക/ H.M |
| • ഹിന്ദി വായിക്കാനും സംസാരിക്കാനുമുള്ള പ്രത്യേക പരിശീലനം. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് വായനയ്ക്കുള്ള പ്രത്യേക പരിശീലനം നൽകുന്നു. | ജൂലൈ 2025 മുതൽ | ഹിന്ദി അധ്യാപിക |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ഹിന്ദി പോസ്റ്റർ മേക്കിംഗ് | എല്ലാ വിശേഷ ദിവസങ്ങളിലും ഹിന്ദി പോസ്റ്റർ നിർമ്മിച്ച് പ്രദർശിപ്പിക്കുക | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപിക |
| ഹിന്ദി നാടകം, സ്കിറ്റ് | പാഠഭാഗങ്ങൾ ഹിന്ദി നാടകം, സ്കിറ്റ് തുടങ്ങി വിവിധയിനം രൂപങ്ങളിൽ അവതരിപ്പിക്കുന്നു. | ജൂലൈ 2025 മുതൽ | ഹിന്ദി ക്ലബ്/ ഹിന്ദി അധ്യാപിക |

# ഗണിതം

- വർക്ക്ഷീറ്റ് ഉപയോഗിച്ച് അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പിക്കുക.
- ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഗണിത ലാബ് സജ്ജീകരിക്കുക.
- ഗണിത ക്ലബിന്റെ നേതൃത്വത്തിൽ ഗണിത-ശാസ്ത്രജ്ഞന്മാരെപ്പറ്റി ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.
- ഗണിതത്തോടുള്ള വിദ്യാർത്ഥികളുടെ താത്പര്യം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ രസകരവും ലളിതവുമായ പ്രവർത്തനങ്ങൾ ഒരുക്കുക.
- ഗണിത ക്ലിനിക്കിലൂടെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.

# ഗണിതം.

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | • ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | June 2025 മുതൽ | ഗണിത അധ്യാപിക |
| • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>• കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഫ്ലാഷ് കാർഡ്... ഉപയോഗിക്കുന്നു). | ജൂൺ മാസം | ഗണിത അധ്യാപിക |
| • ഗണിത ക്ലിനിക്ക് | • ക്ലാസിലെ ഏതുവും മികച്ച കുട്ടികളെയും അധ്യാപികയെയും ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഒന്നൊന്നായി | മാർച്ച് 2026 വരെ | ഗണിത അധ്യാപിക |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ഗണിത ക്ലബ് | ക്വിസ്, ഗണിത സെമിനാർ, ഗണിത ശാസ്ത്രജ്ഞന്മാരെപ്പറ്റി ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കൽ | ജൂൺ 2025 മുതൽ | ഗണിത അധ്യാപിക |
| • ഡിജിറ്റൽ ക്ലാസ്റൂം. | ഗണിത ക്ലാസ് രസകരവും ലളിതവും ആക്കാൻ ICT സാധ്യത ഉപയോഗപ്പെടുത്തുക. | ജൂൺ 2025 മുതൽ | ഗണിത അധ്യാപിക |
| • നിരന്തര മൂല്യനിർണ്ണയത്തി-ലൂടെ പഠനപുരോഗതി വിലയിരുത്തി തുടർ പ്രവർത്തന ആസൂത്രണം. | കൂടുതൽ തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | ജൂൺ 2025 മുതൽ | ഗണിത അധ്യാപിക/ H.M. |

# കലാകായിക പ്രവൃത്തി പരിചയം

- എല്ലാ ആഴ്ചയിലും യോഗ പരിശീലനം നടത്തുന്നു.
- കായിക പരിശീലനം സ്കൂളിൽ നടത്തി വരുന്നു.
- Zoomba dance ആഴ്ചയിൽ ഒരിക്കൽ പരിശീലിപ്പിക്കുന്നു.
- Work experience പ്രവർത്തനം അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. മികച്ച നിലവാരം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.
- രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സേവനം പ്രയോജനപ്പെടുത്തുന്നു.

കലാകായിക <u>പ്രവൃത്തി</u> പരിചയം

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| യോഗ പരിശീലനം | എല്ലാ ബുധനാഴ്ചകളിലും യോഗ പരിശീലനം നടത്തുക. | ജൂൺ 2025 മുതൽ | അധ്യാപകർ |
| Work experience | പല വിഷയങ്ങളിൽ work-experience നടത്തുക. | ജൂൺ 2025 മുതൽ | അധ്യാപകർ |
| കളി ഉപകരണങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുക | കളി ഉപകരണങ്ങൾ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തുക | ജൂൺ 2025 മുതൽ | അധ്യാപകർ |

## നിരന്തര വിലയിരുത്തൽ

ക്ലാസ് പ്രവർത്തനത്തിൽ ഓരോ വിഷയത്തിലും വിലയിരുത്തൽ നടത്തുന്നു. പ്രത്യേക ബുക്ക് തയ്യാറാക്കി നിലവാരം മെച്ചപ്പെടുത്തുന്ന യൂണിറ്റ് ടെസ്റ്റ് നടത്തുന്നു. ഗ്രേഡ് നിർണയിക്കുന്നു. Class P.T.A നടത്തി നിലവാരം വിലയിരുത്തുന്നു.

## ജൈവ വൈവിധ്യ ഉദ്യാനം

വിവിധ ചെടികളുടെ ശേഖരണം നടത്തുന്നു. കുട്ടികൾ ചെടികൾ ശേഖരിച്ച് കൊണ്ട് വരുന്നു. അധ്യാപകർക്ക് ചുമതല വിഭാഗിക്കുന്നു. പൂന്തോട്ടത്തിന് പേര് കൊടുത്ത് കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു. ജൈവ പരിപാലനം പ്രയോജനപ്പെടുത്തുന്നു.

## സ്കൂൾ പാചകപ്പുര നവീകരണം

ശുചിത്വമുള്ള സാഹചര്യത്തിൽ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം വിതരണം നടത്തുന്നു

## ജൈവ പച്ചക്കറി

സ്കൂൾ അടുക്കളത്തോട്ടം നിർമ്മിക്കുന്നു ഉച്ചഭക്ഷണത്തിന് ഉതകുന്ന വിധത്തിൽ പച്ചക്കറി കൃഷി നടത്തുന്നു.

പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് വിതരണം ചെയ്യാൻ തീരുമാനിക്കുന്നു. സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്താൻ സാധിക്കുന്നു.

## പ്ലാസ്റ്റിക് നിരോധന മേഖല

- സ്കൂളും കുട്ടികളും "പ്ലാസ്റ്റിക് മുക്ത അന്തരീക്ഷം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കാൻ ബോധന ക്ലാസ് നടത്തുന്നു.

## ആതുരാലയ സന്ദർശനം

- സഹജീവികളുടെ വേദനയിലും ആവശ്യങ്ങളിലും സഹകരിക്കുക എന്ന ബോധ്യം ഉണർത്തുന്നതിനായി ആതുരാലയ സന്ദർശനം നടത്തുക.

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| • ജൈവ വൈവിധ്യ ഉദ്യാനം | വിദ്യാലയത്തിൽ നല്ലൊരു ജൈവ വൈവിധ്യ ഉദ്യാനം രൂപീകരണം. | അക്കാദമിക വർഷം. | അധ്യാപകർ |
| • ജൈവ പച്ചക്കറി | സ്കൂളിൽ കൃഷിയുടെ പ്രവർത്തനം. | അക്കാദമിക വർഷം. | പ്രഥമ അധ്യാപിക |
| • പ്ലാസ്റ്റിക് നിരോധന മേഖല | സ്കൂളും ചുറ്റുപാടും പ്ലാസ്റ്റിക് മുക്ത അന്തരീക്ഷം സൃഷ്ടിക്കുക | അക്കാദമിക വർഷം. | ക്ലബുകൾ |

| | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- | --- |
| 5) | വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം | അന്തർദേശിയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. <br>• ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| 6) | പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | Demonstration ക്ലാസുകൾ (പ്രകൃതി ദുരന്തങ്ങളെക്കുറിച്ച്) സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യ ശാസ്ത്ര അധ്യാപിക |

# ശാസ്ത്രം

- ക്ലാസ് മുറിയിൽ പരീക്ഷണം നടത്താവാനുള്ള അവസരം നൽകുന്നു.
- ശാസ്ത്ര കൗതുകം ജനിപ്പിക്കുന്ന വ്യക്തികൾ ആഴ്ചയിൽ രണ്ടു ദിവസം ശേഷം തിരിച്ച് പ്രദർശനം നടത്തുന്നു.
- ആഴ്ചയിൽ സയൻസ് ക്ലബ് കൂടി സയൻസ് ക്വിസ് നടത്തുന്നു.
- ശാസ്ത്രപഠനത്തിന് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു.
- ശാസ്ത്ര ലാബ് കൂടുതൽ മെച്ചപ്പെടുത്തി പരീക്ഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- ക്ലാസ് അടിസ്ഥാനത്തിൽ ശാസ്ത്ര. പരീക്ഷണങ്ങളുടെ പ്രദർശനം നടത്തുന്നു.
- ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാനുള്ള അവസരം നൽകുക.

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | • പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാ-ധ്യാപിക |
| 5) ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താൻ | • ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി മേളകളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | ഒക്ടോബർ മാസം | സയൻസ് അധ്യാപിക |
| 6) ശാസ്ത്ര ദിനാചരണങ്ങൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സയൻസ് ക്ലബിന്റെ സഹായത്തോടെ നടത്തുന്നു. (പ്രസംഗം, ക്വിസ്, ഡിബേറ്റ്, ഡിസ്കഷൻസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു). | ജൂൺ 2025 മുതൽ | സയൻസ് ക്ലബ് |

| | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1) | ക്ലാസിൽ, പരീക്ഷണങ്ങളുടെ പ്രദർശനം. | ഓരോ ക്ലാസിലെയും പരീക്ഷണങ്ങൾ എഴുതി വയ്ക്കുകയും പ്രദർശനം നടത്തുകയും ചെയ്യുന്നു. | ജൂൺ 2025 മുതൽ | സയൻസ് അധ്യാപിക |
| 2) | സയൻസ് ലാബ് മെച്ചപ്പെടുത്തുന്നു. | സയൻസ് ലാബ് മെച്ചപ്പെടുത്തി പ്രയോജനപ്പെടുത്തുന്നു. ലാബിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. | ജൂൺ 2025 മുതൽ | സയൻസ് അധ്യാപിക/ H.M |
| 3) | സയൻസ് ക്ലബ് പ്രവർത്തനങ്ങൾ | · സയൻസ് ക്ലബിൽ ക്വിസ് മത്സരം നടത്തുന്നു. സമ്മാനവും നൽകുന്നു.<br>· ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഒരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപിക H.M |
| 4) | വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപിക |

# സാമൂഹ്യശാസ്ത്രം

- ചരിത്രം കുട്ടികൾ അറിയുന്നതിനായി പഠനം നടത്തുന്നു.
- ക്ലാസ് അടിസ്ഥാനത്തിൽ പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയത്തിന്റെ പ്രബന്ധാവതരണം നടത്തുന്നു.
- സാമൂഹ്യശാസ്ത്ര പഠനത്തിന് വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു.
- സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സഭാകമ്പം ഒഴിവാക്കുന്നതിനും നേതൃത്വ പാടവം വളർത്തുന്നതിനുമായി ക്ലാസ് പാർലമെന്റ് രൂപീകരിച്ച് ചുമതല വിഭജനം നടത്തുന്നു.
- സാമൂഹിക ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു.
- പാഠഭാഗത്തെ ആസ്പദമാക്കി അതാത് മാസങ്ങളിൽ, Monthly quiz നടത്തുന്നു.
- പൊതുസമൂഹത്തിൽ നല്ലൊരു വ്യക്തിത്വത്തിന് ഉടമയാകാൻ വേണ്ടുന്ന മൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു.
- പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവന്മാരാക്കുന്നു.

# സാമൂഹ്യശാസ്ത്രം

| | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1) | ദിനാചരണങ്ങൾ | ചരിത്രം പഠിക്കേണ്ടതിന്റെ പ്രാധാന്യം കുട്ടികൾ അറിയുന്നതിന് ദിനാചരണങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക/ H.M |
| 2) | സാമൂഹ്യശാസ്ത്ര ക്ലബ് | •പ്രബന്ധം അവതരിപ്പിക്കുന്നു; ദിനാചരണങ്ങൾ, quiz എന്നിവ നടത്തുന്നു.<br>•വിശേഷ ദിനങ്ങൾ അറിയുന്നതിന് സാമൂഹ്യ കലണ്ടർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| 3) | ക്ലാസ് പാർലമെന്റ് | ജനാധിപത്യപരമായ ജീവിതം സമീപനം രൂപപ്പെടുത്താനും. സാമൂഹ്യാവബോധം വളർത്തുന്നതിനു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| 4) | സഹജീവികളോട് സമഭാവന വളർത്തിയെടുക്കുക | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് സഹായം നൽകാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ - ശാസ്ത്ര അധ്യാപിക |